ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ അധികാര വികേന്ദ്രീകരണ കമ്മിറ്റി തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് അധികം താമസിയാതെ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിന് മാത്രമായി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മീഷൻ രൂപവൽക്കരിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു.

(സി) ആഡിറ്റ് കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് 1994-ലെ കേരള ലോക്കൽഫണ്ട് ആഡിറ്റ് ആക്റ്റിൽ ചില ഭേദഗതികൾ ആവശ്യമാണ്. ഭേദഗതി നിർദ്ദേശങ്ങൾ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അടുത്ത റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) നിർദ്ദിഷ്ട ആഡിറ്റ് കമ്മീഷന്റെ ഘടനയും ഉദ്യോഗസ്ഥ സംവിധാനവും തീരുമാനിക്കപ്പെട്ടിട്ടില്ല.

(ഇ) ഡി യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

86 (588) കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി ഈ സർക്കാർ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ഭേദഗതിയെ തുടർന്ന് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) വിശദാംശം വ്യക്തമാക്കുമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും അധിക അധികാരം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) തദ്ദേശഭരണ സ്ഥാപനങ്ങൾ നിരസിക്കുന്ന അപേക്ഷകളിൽ അപ്പീൽ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത അപേക്ഷകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിരസിച്ചാൽ ചട്ടങ്ങളിൽ നിന്നും ഇളവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly